പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4316 | 17.12.2014- ൽ മറുപടിക്ക് |
|---|---|

## മിനറൽ വാട്ടറിന്റെ ഗുണനിലവാര പരിശോധന

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി. ഉബൈദുള്ള<br>" അബ്ദുറഹിമാൻ രണ്ടത്താണി<br>" കെ. എം. ഷാജി<br>" സി. മമ്മൂട്ടി | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് വിപണനം നടത്തുന്ന മിനറൽ വാട്ടറിന്റെ ഗുണനിലവാര പരിശോധനയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ; | എ) | ഭക്ഷ്യസുരക്ഷാ ഓഫീസർമാർ വിപണികളിൽ നിന്ന് ശേഖരിക്കുന്ന മിനറൽ വാട്ടറിന്റെ സാമ്പിളുകൾ, ഭക്ഷ്യസുരക്ഷാവകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ പരിശോധനക്ക് അയയ്ക്കുന്നതും, നിശ്ചിത ഗുണനിലവാരമില്ലാത്ത കുപ്പിവെള്ള കമ്പനികൾക്കെതിരെ, ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം നടപടി സ്വീകരിക്കുന്നതുമാണ്. BIS-ഉം കുപ്പിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. |
| ബി) | വാട്ടർ അതോറിറ്റി വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ നിലവാരം പരിശോധിക്കുന്നതിന് വകുപ്പിന്റെ കീഴിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | ബി) | ഭക്ഷ്യസുരക്ഷാ ഓഫീസർമാർ വാട്ടർ അതോറിറ്റി വിതരണം നടത്തുന്ന<br>കുടിവെള്ളത്തിന്റെയുൾപ്പെടെയുള്ള സാമ്പിളുകൾ ശേഖരിച്ച്, ഭക്ഷ്യസുരക്ഷാവകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ പരിശോധനക്ക് അയയ്ക്കാറുണ്ട്. |
| സി) | ചെറുതും വലുതുമായ ബോട്ടിലുകളിൽ അടച്ച് വിവിധ ഏജൻസികൾ വിപണനം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരവും വിലനിലവാരവും നിയന്ത്രിക്കാൻ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | സി) | ഭക്ഷ്യസുരക്ഷാവകുപ്പിന്റെ ലൈസൻസോ/രജിസ്ട്രേഷനോ ഉള്ളതും BIS Certificate ഉം അനുമതിയും ഉള്ളതുമായ സ്ഥാപനങ്ങൾക്ക് മാത്രമേ കുടിവെള്ളം കുപ്പിയിലാക്കി വിതരണം നടത്തുവാൻ അനുമതി നൽകിയിട്ടുള്ളൂ. വിലനിലവാരം നിയന്ത്രിക്കുന്ന കാര്യം, ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ അധികാര പരിധിയിൽ വരുന്നതല്ല. |

സെക്ഷൻ ഓഫീസർ